**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1385** **08-12-2022 - ൽ മറുപടിയ്ക്ക്**

**തട്ടാശ്ശേരി പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിലെ തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ കിഫ്ബി ധനസഹായത്തോടു കൂടി നടപ്പിലാക്കുന്ന കാവാലം തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 4.0 കോടി രൂപയും പാലം പ്രവൃത്തിക്കായി 46.10 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബി യിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിലവിലുള്ള ഡിസൈൻ അനുസരിച്ച പാലം നിർമ്മിക്കുന്നതിന്റെ സങ്കീർണ്ണതയും അധിക ചിലവും കണക്കിലെടുത്തുകൊണ്ട് ഡിസൈൻ നവീകരിക്കുന്നതിനായി കിഫ്ബിയുടെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ പുതുക്കിയ ഡിസൈൻ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത പാലം, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കാവാലം തട്ടാശ്ശേരി പാലം നിർമ്മാണത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് നഷ്ട പരിഹാരമായി 9,75,44,655/- രൂപ റവന്യൂ LA വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ